LIBRARY ARCHIVES Kerala Legislative Assembly

കൊച്ചികായലിനു മുകളിലെ നിർദ്ധിഷ്ട ആകാശ നഗരം

7 (*247) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി കായലിനു മുകളിലെ നിർദ്ദിഷ്ട ആകാശ നഗരം പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഏകജാലക സംവിധാനത്തിലൂടെ ഈ പദ്ധതിക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എപ്പോൾ പദ്ധതി ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) ഇത് സംബന്ധിച്ച് 2007 ഫെബ്രുവരിയിൽ മുഖ്യമന്ത്രി ചീഫ് സെക്രട്ടറിക്കു നൽകിയ കുറിപ്പിനെക്കുറിച്ച് വ്യവസായ വകുപ്പിന് അറിവുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ചുവപ്പുനാടമൂലം ഇതുപോലുള്ള പദ്ധതികളും വികസന പ്രവർത്തനങ്ങളും തടസ്സപ്പെടുന്നതായി സർക്കാർ കരുതുന്നുണ്ടോ ;

(ഇ) പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഈ പദ്ധതിയെ സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(എഫ്) ഏതൊക്കെ വകുപ്പുകളിൽ നിന്നാണ് ഇനി ക്ലിയറൻസ് ലഭിക്കാനുള്ളത് ; അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) കൊച്ചിയിലെ 'ആകാശ നഗരം' പദ്ധതിക്ക് അനുമതി നൽകുന്ന കാര്യത്തെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്. ആവശ്യമായ അനുമതികൾ/നിരാക്ഷേപ പത്രങ്ങൾ/ക്ലിയറൻസുകൾ മുതലായവ നൽകുന്ന കാര്യം പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക്/ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഉണ്ട്. കേരള സംസ്ഥാന പ്ലാനിംഗ് ബോർഡ് സമർപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ യശോറാം സ്കൈ സിറ്റി പ്രോജക്ട് പരിശോധിക്കുന്നതിനായാണ് 14-2-2007-ൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ചീഫ് സെക്രട്ടറിക്ക് കുറിപ്പ് നൽകിയത്.

(ഡി) ഇല്ല

(ഇ) ഉണ്ട്. പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാന്റെ അഭിപ്രായങ്ങളുടെ ചുരുക്കം ചുവടെ ചേർക്കുന്നു:

വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രൊമോട്ടർമാർ സമർപ്പിച്ചിട്ടില്ല. ഇത് അതിബൃഹത്തായ ഒരു പദ്ധതിയായതുകൊണ്ട്, സംസ്ഥാന സർക്കാരിൽ നിന്ന് 'തത്വത്തിലുള്ള അംഗീകാരം' ലഭിക്കുന്നതുവരെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പണം മുടക്കുന്നതിന് പ്രോജക്ട് പ്രൊമോട്ടർമാർ മുന്നോട്ടു വന്നിട്ടില്ല. കൊച്ചി ടൗൺ പ്ലാനിംഗ് അതോറിറ്റി, സംസ്ഥാന വൈദ്യുതി ബോർഡ്, സംസ്ഥാന നിയമവകുപ്പ് മുതലായ ഏജൻസികൾ/വകുപ്പുകൾ 'തത്വത്തിലുള്ള അംഗീകാരം' നൽകിയാൽ മാത്രമേ സംസ്ഥാന സർക്കാരിന് പദ്ധതിക്ക് 'തത്വത്തിലുള്ള അംഗീകരം' നൽകുവാൻ സാധിക്കു. ആയതിനാൽ പ്രസ്തുത ഏജൻസികൾ/ഡിപ്പാർട്ടുമെന്റുകൾ എന്നിവയുടെ ക്ലിയറൻസ് ആദ്യം ലഭ്യമാകേണ്ടതാണ്.

ചുവടെ ചേർക്കുന്ന നടപടികൾ സർക്കാർ കൈക്കൊള്ളണമെന്ന് ആസൂത്രണ കമ്മീഷൻ ചെയർമാൻ അഭിപ്രായപ്പെടുന്നു:

1. കെട്ടിടനിർമ്മാണത്തിനാവശ്യമായ സ്ഥലം കമ്പനിക്ക് സ്വതന്ത്രമായി വിനിയോഗിക്കാൻ കഴിയില്ലെന്ന് കമ്പനിയെ അറിയിക്കുകയും കമ്പനിയുടെ ഒരു നിശ്ചിതശതമാനം ഇക്വിറ്റി (കുറഞ്ഞപക്ഷം 26%) നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി നൽകുന്നതിന് വിലയായി സർക്കാർ കൈവശം വയ്ക്കേണ്ടതുമാണ്.

2. കൊച്ചി ടൗൺ പ്ലാനറുടെ അനുമതിയോടെയാകണം പ്രോജക്ട് അംഗീകാരത്തിനായി സർക്കാരിലേക്ക് എത്തേണ്ടത്. മറ്റേതെല്ലാം ഏജൻസികളിൽ നിന്നുകൂടി പ്രോജക്ടിനു അംഗീകാരം ആവശ്യമാണെന്ന കാര്യം ടൗൺ പ്ലാനറിന് നിർദ്ദേശിക്കാവുന്നാണ്.

3. ആവശ്യമായ 'തത്വത്തിലുള്ള അംഗീകാരങ്ങൾ' വിവിധ വകുപ്പുകൾ ഏജൻസികൾ എന്നിവയിൽനിന്നും ലഭ്യമായതിനുശേഷം പദ്ധതിക്ക് സർക്കാരിന്റെ തത്വത്തിലുള്ള അനുമതി നൽകുന്നതിന് മുന്നോടിയായി ഒരു 'പബ്ലിക് ഹിയറിംഗ്' നടത്തേണ്ടതാണ്.

(എഫ്) (എ) പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

അൽബറാക് ഫിനാൻഷ്യൽ സർവ്വീസസ് ആരംഭിക്കുന്നതിന് നടപടി

8 (T*248) ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇസ്ലാമിക ബാങ്കിംഗ് മാതൃകയിലുള്ള ധനകാര്യ സ്ഥാപനമായ അൽബറാക് ഫിനാൻഷ്യൽ സർവ്വീസസ് ആരംഭിക്കുന്നതിനുള്ള നിയമതടസ്സം നീങ്ങിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly